പുതിയ റേഷൻ കാർഡ് വിതരണം

190(1257) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് എന്ത് അനിശ്ചിതത്വമാണ് നിലനില്ക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡ് വിതരണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ കാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ&ബി) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് അനിശ്ചിതത്വങ്ങൾ ഒന്നും നിലവിലില്ല. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 1-4-2016-ന് മുമ്പ് വിതരണം ചെയ്ത് തുടങ്ങുന്നതാണ്.

(സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിന്മേൽ വരാവുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് പരിഹാരം കാണേണ്ടതുണ്ട്. സമയബന്ധിതമായി റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ കാർഡുടമകൾക്ക് വിതരണം ചെയ്ത് അവരിൽനിന്നും വിവരശേഖരണം നടത്തി ഡേറ്റാ എൻട്രി നടത്തുകയാണ് ആദ്യഘട്ടത്തിൽ ചെയ്തത്. തുടർന്ന് ഓൺലൈനിലൂടെയും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യും കാർഡുടമകളിൽനിന്ന് തെറ്റ് തിരുത്തിവാങ്ങി അതും ഡേറ്റാ എൻട്രി നടത്തിയിട്ടുണ്ട്. ഈ ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള ഡീ-ഡ്യൂപ്ലിക്കേഷനുകളും പരിഹരിച്ചതിനുശേഷമാണ് മുൻഗണനാ റാങ്കിംഗ് നടത്തിയിട്ടുള്ളത്. ഇപ്രകാരം ജനറേറ്റ് ചെയ്ത കരട് മുൻഗണനാ/ മുൻഗണനേതര പട്ടികയാണ് പ്രസിദ്ധീകരിക്കുന്നത്. ടി പട്ടികയിന്മേൽ ആക്ഷേപങ്ങളും പരാതികളും ഉള്ള പക്ഷം വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ അവയും പരിഹരിച്ച് അതും ഡേറ്റാ എൻട്രി ചെയ്ത ശേഷമാണ് റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാൻ പോകുന്നത്. ഇങ്ങനെ പുതിയ റേഷൻകാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly